പതിമൂന്നാം കേരള നിയമസഭ

പന്ത്രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത

ചോദ്യം നമ്പർ : 1915 — 08.12.2014 ൽ മറുപടിക്ക്

## ഉന്നതോദ്യോഗസ്ഥർക്കെതിരെ ഉയർന്ന പരാതികൾ

ചോദ്യം: ശ്രീമതി. കെ.എസ്. സലീഖ

ഉത്തരം : ശ്രീ.ഉമ്മൻചാണ്ടി
(ബഹു. മുഖ്യമന്ത്രി)

| ചോദ്യം | ഉത്തരം |
|---|---|
| **(എ)** സംസ്ഥാന ചീഫ് സെക്രട്ടറിയെ തൽസ്ഥാനത്ത് നിന്നും മാറ്റണമെന്ന് ഏതെല്ലാം മന്ത്രിമാർ/എം.എൽ.എ. മാരാണ് മുഖ്യമന്ത്രിയോട് ആവശ്യപ്പെട്ടിട്ടുള്ളത്; എന്തു കാരണത്താലാണിത് എന്ന് വ്യക്തമാക്കുമോ; | **(എ)** ഇത്തരത്തിൽ ഒരാവശ്യവും മന്ത്രിമാരോ എം.എൽ.എമാരോ ഉന്നയിച്ചിട്ടില്ല. |
| **(ബി)** സംസ്ഥാന പോലീസ് മേധാവിയുടെ വിദേശയാത്രയുമായി ബന്ധപ്പെട്ട അവധി സംബന്ധിച്ചുള്ള ഫയലിലെ വിവരം ചോർന്നത് സംബന്ധിച്ച് ചീഫ് സെക്രട്ടറി മുഖ്യമന്ത്രിയോട് അടിയന്തര അന്വേഷണം ആവശ്യപ്പെട്ടത് എന്നാണ്; പ്രസ്തുത വിഷയത്തിൽ എന്തു നടപടി സ്വീകരിച്ചു; ഇക്കാര്യം സംബന്ധിച്ച് സംസ്ഥാന പോലീസ് മേധാവി പുറത്തിറക്കിയ വാർത്താക്കുറിപ്പ് എന്താണ് എന്നും വ്യക്തമാക്കുമോ; | **(ബി)** ചീഫ് സെക്രട്ടറി രേഖാമൂലം ഇത്തരം ഒരാവശ്യം ഉന്നയിച്ചിട്ടില്ല. വാർത്താക്കുറിപ്പ് സംബന്ധിച്ച വിവരം സർക്കാരിൽ ലഭ്യമല്ല. |
| **(സി)** ചീഫ് സെക്രട്ടറി ഏതെല്ലാം സിവിൽ സർവ്വീസ് ഉദ്യോഗസ്ഥരുടെ വിദേശയാത്ര ഉൾപ്പെടെയുള്ള നിയമവിരുദ്ധ പ്രവർത്തനങ്ങൾ ചൂണ്ടിക്കാണിച്ചിട്ടുണ്ട്; ഏതെല്ലാം ഉദ്യോഗസ്ഥർ സമർപ്പിച്ച അവധി ഡയസ്നോൺ ആക്കണമെന്ന് നിർദ്ദേശം നൽകിയിട്ടുണ്ട്; വിശദാംശം ലഭ്യമാക്കുമോ; | **(സി)** അഖിലേന്ത്യാ സർവ്വീസ് ഉദ്യോഗസ്ഥരുടെ കേഡർ നിയന്ത്രണ അധികാരി ചീഫ് സെക്രട്ടറി ആയതിനാൽ ആ നിലയ്ക്ക് അഖിലേന്ത്യാ സർവ്വീസ് ചട്ടങ്ങൾക്കുള്ളിൽ നിന്ന് പ്രവർത്തിക്കാനുള്ള നിർദ്ദേശം ഉദ്യോഗസ്ഥർക്ക് നൽകുക എന്നുള്ളത് ചീഫ് സെക്രട്ടറിയുടെ കർത്തവ്യമാണ്. |
| **(ഡി)** ചീഫ് സെക്രട്ടറിക്കെതിരെ ഡി.ജി.പി. എന്തെല്ലാം പരാതികളും വിമർശനങ്ങളുമാണ് മുഖ്യമന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുള്ളത്; വിശദമാക്കുമോ; | **(ഡി)** ഇത്തരത്തിൽ ഒരു പരാതിയും നൽകിയിട്ടില്ല. |

**(ഇ)** ഈ സർക്കാർ വന്നശേഷം നാളിതുവരെ വിദേശ പരിശീലനത്തിനായി പോയ ഐ.എ.എസ്., ഐ.പി.എസ്. ഉദ്യോഗസ്ഥർ ആരെല്ലാം; നാളിതുവരെ എത്ര തുക ഖജനാവിൽ നിന്നും പ്രസ്തുത യാത്രകൾക്കായി ചെലവഴിച്ചു വ്യക്തമാക്കുമോ;

**(ഇ)** ഐ.എ.എസ്. ഉദ്യോഗസ്ഥരുടെ വിദേശയാത്ര സംബന്ധിച്ച് വിവരം ശേഖരിച്ചു വരുന്നു.

ഈ സർക്കാർ അധികാരമേറ്റശേഷം 23 ഐ.പി.എസ്. ഉദ്യോഗസ്ഥർ ഔദ്യോഗിക വിദേശയാത്രകൾ നടത്തിയിട്ടുള്ളതിൽ ശ്രീ. ജേക്കബ് പുന്നൂസ്, ഐ.പി.എസ്. 1,26,784/- രൂപയും, ശ്രീ. കെ.എസ്.ബാലസുബ്രമണ്യൻ ഐ.പി.എസ്., 85,000/- രൂപയും, ശ്രീ. രാജേഷ് ദിവാൻ, ഐ.പി.എസ്., 17,000/- രൂപയും സംസ്ഥാന ഖജനാവിൽനിന്നും ചെലവഴിച്ചിട്ടുണ്ട്. മറ്റുള്ളവരുടെ വിദേശയാത്രയ്ക്ക് സർക്കാർ ഖജനാവിൽ നിന്നും തുകയൊന്നും ചെലവഴിച്ചിട്ടില്ല. (ലിസ്റ്റ് ഉള്ളടക്കം ചെയ്യുന്നു).

**(എഫ്)** പ്ലാനിംഗ് ബോർഡ് അധികൃതരും സബർബെൻ അധികൃതരും പങ്കെടുക്കേണ്ട ഏതെല്ലാം യോഗങ്ങളിൽ ചീഫ് സെക്രട്ടറി പങ്കെടുത്തുവെന്നും ഇതിന് സർക്കാർ അനുമതിയുണ്ടായിട്ടുണ്ടോ എന്നും വ്യക്തമാക്കുമോ;

**(എഫ്)** സംസ്ഥാനത്തിന്റെ വികസന പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട എല്ലാ യോഗങ്ങളിലും ചീഫ് സെക്രട്ടറിയോ, ചീഫ് സെക്രട്ടറിയുടെ പ്രതിനിധിയായി ബന്ധപ്പെട്ട വകുപ്പ് സെക്രട്ടറിമാരോ പങ്കെടുക്കേണ്ടതുണ്ട്.

**സെക്ഷൻ ഓഫീസർ**

**Details of official Foreign visits of IPS officers for attending Training/Seminar/Meeting etc**

| | | | |
|---|---|---|---|
| 1 | Smt.R.Sreelekha | Argentina | No expenditure by State Govt |
| 2 | Shri.Jacob Punnoose | Vietnam | Rs.1,26,784.00 |
| 3 | Shri.Manoj Abraham | Dhaka | No expenditure by State Govt |
| 4 | Shri.Anup Kuruvilla John | Australia(MCTP) | No expenditure by State Govt |
| 5 | Shri.P.Prakash | Australia(MCTP) | No expenditure by State Govt |
| 6 | Shri.Gopesh Agrawal | Australia(MCTP) | No expenditure by State Govt |
| 7 | Shri.A.Hemachandran | London(MCTP) | No expenditure by State Govt |
| 8 | Smt.R.Sreelekha | London(MCTP) | No expenditure by State Govt |
| 9 | Shri.Rajesh Dewan | London(MCTP) | No expenditure by State Govt |
| 10 | Shri.S.Sreejith | UK(MCTP) | No expenditure by State Govt |
| 11 | Shri.B.S.Mohammed Yasin | London(MCTP) | No expenditure by State Govt |
| 12 | Shri.N.Shanker Reddy | London(MCTP) | No expenditure by State Govt |
| 13 | Shri.Anup Kuruvilla John | USA | No expenditure by State Govt |
| 14 | Shri.Manoj Abraham | UK(MCTP) | No expenditure by State Govt |
| 15 | Shri.M.R.Ajithkumar | UK(MCTP) | No expenditure by State Govt |
| 16 | Shri.T.J.Jose | UK(MCTP) | No expenditure by State Govt |
| 17 | Shri.Vijayasreekumar | UK(MCTP) | No expenditure by State Govt |
| 18 | P.Vijayan | USA | No expenditure by State Govt |
| 19 | Vinson M.Paul&Manoj Abraham | Hungary | Details of expenditure not available |
| 20 | K.S.Balasubramanian | Sofia | Rs.85000/- |
| 21 | Rishi Raj Singh & Tomin J .Thachankary | USA | No expenditure by State Govt |
| 22 | Rishi Raj Singh | Hong Kong | No expenditure by State Govt |
| 23 | Rajesh Dewan | Norway | Rs.17,000/- |

സെക്ഷൻ ഓഫീസർ